**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ.ഐ.എ.എസ്സ്)**

തിരുവനന്തപുരം,
ഉത്തരവ് നമ്പർ E9-12530/14 തീയതി 25-03-2014

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ജീവനക്കാരുടെ നിരീക്ഷണ കാലം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 21-04-2012ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ7- 11602/12/ സാ.ക്ഷേ.വ നമ്പർ ഉത്തരവ്.
2. 29-09-2012ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ7- 11602/12/ സാ.ക്ഷേ.വ നം. ഉത്തരവ്.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA.No.2043/12 മേൽ പുറപ്പെടുവിച്ച 01-04-2013ലെ വിധിന്യായം.
4. ബഹു.കേരള ഹൈക്കോടതി OP (KAT). No. 1584/2013(Z)ന് മേൽ പുറപ്പെടുവിച്ച 21-02-2014ലെ വിധിന്യായം.
5. 24-03-2014ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ7- 37934/12/ നമ്പർ ഉത്തരവ്.
6. ജി.ഒ.(പി) നം. 54/2010/SWD തീയതി 10-08-2010.

സാമൂഹ്യനീതി വകുപ്പിലെ പി.ഡി. ടീച്ചർമാരായ ശ്രീ. എൻ. കുമരേശൻ ആശാരി, ശ്രീമതി. പി.ബിജി, ശ്രീ.കെ.ജി.രാജു, ശ്രീമതി. കെ.എൽ. ഷൈനി എന്നീ ജീവനക്കാർക്ക് പരാമർശം ഒന്ന് പ്രകാരം നൽകിയ ഉദ്യോഗക്കയറ്റം റദ്ദാക്കികൊണ്ട് പുറപ്പെടുവിച്ച പരാമർശം രണ്ട് പ്രകാരമുള്ള ഉത്തരവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) പ്രകാരമുള്ള വിധിന്യായം പ്രകാരം റദ്ദാക്കുകയുണ്ടായി. എന്നാൽ ടി വിധിന്യായത്തിനെതിരെ ടി കേസിലെ എതിർകക്ഷികളായിരുന്ന ജീവനക്കാർ പരാമർശം (4) പ്രകാരം ഫയൽ ചെയ്ത കേസിന്റെ അന്തിമ വിധിയിൽ പരാമർശം (3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിൽ വരുത്തുന്നതിന് ഉത്തരവായിട്ടുള്ളതാണ്.

(2) മേൽ ഖണ്ഡികയിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)ലെ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകി പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കി ശ്രീ. എൻ. കുമരേശൻ ആശാരി, ശ്രീമതി.പി.ബിജി, ശ്രീ.കെ.ജി.രാജു, ശ്രീമതി. കെ.എൽ.ഷൈനി എന്നിവരെ റിവർട്ട് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (2)ലെ ഉത്തരവ് ബഹു.കേരളഅഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു.ഹൈക്കോടതിയും പരാമർശം (3)ഉം (4)ഉം പ്രകാരം റദ്ദാക്കിയ സാഹചര്യത്തിൽ പരാമർശം ഒന്നിലെ ഉത്തരവ് തീയതിയായ 21-04-2012 തീയതി പ്രാബല്യത്തിൽ ടി ജീവനക്കാരെ ക്ഷേമ

സ്ഥാപനസൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിയമിച്ചുകൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പരാമർശം (1)ലെ ഉത്തരവിനെ തുടർന്ന് ടി ജീവനക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ടി ജീവനക്കാരുടെ നിരീക്ഷണകാലം ആരംഭിച്ചതായി കണക്കാക്കിക്കൊണ്ട് നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും പരാമർശം (5)ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(3) പരാമർശ (5) ലെ ഉത്തരവ് പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്II തസ്തികയിലേയ്ക്ക് ബഹു.കേരള ഹൈക്കോടതിയുടെ വിധിയെതുടർന്ന് പുനർനിയമനം നൽകിയ നാല് ജീവനക്കാരിൽ ശ്രീ.എൻ.കുമരേശൻ ആശാരി, ശ്രീമതി.കെ.എൽ.ഷൈനി എന്നിവർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്II തസ്തികയിൽ പ്രൊബേഷൻ കാലാവധി പൂർത്തികരിച്ചതായി പ്രഖ്യാപിക്കുന്നതിന് പരാമർശം ആറ് പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ അനുശാസിക്കുന്ന അക്കൗണ്ട് ടെസ്റ്റ് ലോവർ ജയിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. പി.ബിജി, ശ്രീ.കെ.ജി.രാജു എന്നിവർ അക്കൗണ്ട് ടെസ്റ്റ് ലോവറോ തത്തുല്യ പരീക്ഷയോ ജയിച്ചിട്ടില്ലാത്തതാണ്.

(4)ശ്രീ.കെ.ജി.രാജു അക്കൗണ്ട് ടെസ്റ്റ് ലോവറോ തത്തുല്യ പരീക്ഷയോ ജയിച്ചിട്ടില്ലെങ്കിലും, ടിയാൾക്ക് 50 വയസ്സ് പൂർത്തിയായിട്ടുള്ളതാണ്. 1958ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 13 ബി പ്രകാരം പ്രസ്തുത റൂൾസിലോ വിശേഷാൽ ചട്ടത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ സർവ്വീസിലുള്ള 50 വയസ്സ് പൂർത്തിയാവുന്ന വ്യക്തികളെ വിശേഷാൽ ചട്ടങ്ങളിൽ യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള ടെസ്റ്റുകൾ ഒഴികെ ഉദ്യോഗക്കയറ്റത്തിനോ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനോ വേണ്ടി നിർബന്ധമായും പാസ്സായിരിക്കേണ്ട ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സൂചന (6)ലെ സാമൂഹ്യനീതി വകുപ്പിൽ പ്രാബല്യത്തിലുള്ള വിശേഷാൽ ചട്ടത്തിലെ 8-ാം ചട്ടത്തിൽ നിഷ്കർഷിക്കുന്നത് യോഗ്യത മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ള ഒരു ടെസ്റ്റ് അല്ലാ, മറിച്ച് സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസിലെ 13-ാം ചട്ടത്തിൽ വ്യക്തമാക്കിയിരിക്കും പ്രകാരം, ഉദ്യോഗക്കയറ്റത്തിനോ, സർവ്വീസിലെ ഫുൾടൈം അംഗമായി തീരാനും വേണ്ടി ജയിച്ചിരിക്കുവാൻ ബാധ്യതയുള്ള ഒരു ടെസ്റ്റ് മാത്രമാണ്. ഇത് സംബന്ധിച്ചുള്ള കോടതി വിധികളും സർക്കാർ ഉത്തരവുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) നടപടിക്രമം പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്II ആയി നിയമിതനായിട്ടുള്ള ശ്രീ.കെ.ജി.രാജുവിന് 50 വയസ്സ് പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ 1958ലെ കേരള

സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിലെ ചട്ടം 13ബി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്.

(5)മേൽ സാഹചര്യത്തിൽ ശ്രീ. എൻ. കുമരേശൻ ആശാരി, ശ്രീ. കെ. ജി. രാജു, ശ്രീമതി. കെ. എൽ. ഷൈനി എന്നിവരുടെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ നിരീക്ഷണകാലം ചുവടെ ചേർക്കും പ്രകാരം തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര്. | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ റഗുലറൈസ് ചെയ്ത തീയതി | അവധി കാലയളവ്/ ഡയസ് നോൺ | നിരീക്ഷണ കാലം തൃപ്തികരമായി പൂർത്തീകരിച്ച തീയതി. |
|---|---|---|---|---|
| 1 | ശ്രീ. N. കുമരേശൻ ആശാരി, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II | 08-05-2012 FN | 33 days 6days (dies-non) | 16-06-2013 FN |
| 2 | ശ്രീ. കെ. ജി. രാജു, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II | 23-04-2012 AN | 25 days | 19-05-2013 FN |
| 3 | ശ്രീമതി K. L . ഷൈനി. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II | 09-07-2012 FN | 9 days | 18-07-2013 FN |

നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവന പുസ്തകത്തിൽ വരുത്തേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖാന്തിരം)
പകർപ്പ്.

1.സൂപ്രണ്ട്, ജുവനൈൽ ഹോം, കൊല്ലം/ സ്പെഷ്യൽ ഹോം, തിരുവനന്തപുരം.
2. ഇ9 സീറ്റ്.
3.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

BS14